(ബി) ഇത്തരത്തിലൊരു വാചകം പ്രസ്തുത പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്താൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തി അതിന്. ഉത്തരവാദികളായവരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനം അതേപടി പുനഃപ്രസിദ്ധീകരിക്കുകയാണ് ചെയ്തത്.

ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം

76. [841] ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി. മിഷൻ കേരളയുടെ പ്രവർത്തനം സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഐ.ടി. മിഷൻ കേരളയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ നിർദ്ദേശിച്ച് ഇതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഐ.ടി. മിഷന്റെ നിലവിലുള്ളതും, പ്രാവർത്തികമാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചും, ഐ.ടി. മിഷൻ നേതൃത്വം നൽകി നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും വിശകലനം ചെയ്യുന്നതിനായി സെക്രട്ടറി, (ഇൻഫർമേഷൻ ടെക്നോളജി) അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ, മിനിസ്റ്റർ, ഇൻഫർമേഷൻ ടെക്നോളജി (ബഹു. മുഖ്യമന്ത്രി) അദ്ധ്യക്ഷതയിൽ ജനറൽ ബോഡി കമ്മിറ്റിയും കാലാകാലങ്ങളിൽ അവലോകനം നടത്താറുണ്ട്.

ഐ.ടി. കയറ്റുമതി

77. [842] ശ്രീ. സി.ടി. അഹമ്മദ്അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഐ.ടി. കയറ്റുമതി രംഗത്തെ പുരോഗതി വ്യക്തമാക്കുമോ ;

ചോദ്യം നമ്പർ (840)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്രകോടി രൂപയുടെ ഐ.ടി. കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(സി) ഈ മേഖലയിൽ എന്തെല്ലാം പുതിയ സംരംഭങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സോഫ്റ്റ്വെയർ കയറ്റുമതി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 50% വർദ്ധിച്ചു.

(ബി) സോഫ്റ്റ്വെയർ കയറ്റുമതി 218 കോടി രൂപയിൽനിന്നും 2004-05 സാമ്പത്തിക വർഷത്തിൽ 310 കോടി രൂപയായി വർദ്ധിച്ചു.

(സി) കൊച്ചിയിൽ സ്മാർട്ട്സിറ്റി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്നോപാർക്കിന്റെ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിലേക്കായി 86 ഏക്കർ ഭൂമി ഗവൺമെന്റ് ഏറ്റെടുത്തു. ഈ സ്ഥലം ഇൻഫോസിസിനും യു.എസ്. സോഫ്റ്റ്വെയറിനും നൽകാൻ തീരുമാനിച്ചു. ടെക്നോപാർക്കിൽ 6 ലക്ഷം സ്കയർഫീറ്റ് വിസ്തൃതിയുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണം നടക്കുകയാണ്. ഉടൻതന്നെ 100 ഏക്കർ ഭൂമി കൂടി ഗവൺമെന്റ് ഏറ്റെടുക്കും.

നരേന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

78. [843] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ ;

(ബി) നരേന്ദ്രൻ കമ്മീഷനെ നിയമിക്കാനുള്ള സാഹചര്യങ്ങളും കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസും എന്തെന്ന് വ്യക്തമാക്കുമോ ;

(സി) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9-11-2001-ൽ

LIBRARY ARCHIVES Kerala Legislative Assembly